**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3938** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഡെൽറ്റ ഫോർ വൈറസ് വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാം തരംഗത്തിന്റെ ആശങ്ക നിലനിൽക്കുന്ന കേരളത്തിൽ ഡെൽറ്റ ഫോർ വൈറസ് വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (എ) | Delta AY 4.2 വൈറസിന്റെ സാന്നിദ്ധ്യം ഇതുവരെ (27.10.2021) കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ ഡെൽറ്റ സ്ട്രെയിൻ ഉൾപ്പെടുന്ന ജനിതക വ്യതിയാനം സംഭവിച്ച കോവിഡ്-19 വകഭേദങ്ങളെ കണ്ടെത്തുന്നതിനും അവയുടെ പകർച്ച തടയുന്നതിനുമായി കൃത്യമായ സർവൈലൻസ് മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കോവിഡ് 19 ആർ.റ്റി.പി.സി.ആർ പോസിറ്റീവ് ആകുന്ന സി.റ്റി വാല്യൂ അധിഷ്ഠിതമായ തെരഞ്ഞെടുത്ത സാമ്പിളുകൾ ജില്ലകളിലെ ടെസ്റ്റിംഗ് ലാബുകളിൽ നിന്നും ജനിതകമാറ്റം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള 'ഹോൾ ജീനോം' പരിശോധനകൾക്കായി റെഫറൽ ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. ഇത്തരത്തിൽ ലാബുകളിലേയ്ക്ക് അയച്ച സാമ്പിളുകളിൽ വേരിയന്റ് ഓഫ് കൺസേൺ (VOC), വേരിയന്റ് ഓഫ് ഇന്ററസ്റ്റ് (VOI) തുടങ്ങിയ ഗണത്തിൽപ്പെട്ട ജനിതക വ്യതിയാനങ്ങൾ കണ്ടെത്തിയാൽ അതാത് ജില്ലകളെ അറിയിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കൂടാതെ, ഡെൽറ്റ വൈറസ് വ്യാപനം തടയുന്നതിനായി ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുകയും ഡബിൾ മാസ്ക് അഥവാ എൻ 95 മാസ്ക് മൂക്കും വായും ഒരുപോലെ മൂടുന്ന വിധത്തിൽ ധരിക്കുന്നതിനുള്ള അവബോധം നൽകുകയും ചെയ്തു വരുന്നു. ഫലപ്രദമായ വാക്സിനേഷനും എസ്എംഎസ്, 'ബി ദ വാരിയർ' കാമ്പയിനുകളും നടത്തി വരുന്നു. ആശുപത്രികളിൽ സന്ദർശകരുടെ എണ്ണം പരമാവധി കുറക്കുകയും ആശുപത്രി ഇൻഫർമേഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രിയിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കൂടാതെ വാർഡുതല ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. Testing, tracking, |

| | | | |
|---|---|---|---|
| | | | treatment, vaccination എന്നീ പ്രവർത്തനങ്ങൾ ഏറ്റവും കൃത്യമായി നിർവ്വഹിക്കാൻ ആരോഗ്യ വകുപ്പ് ശ്രദ്ധിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പോലീസ്, തദ്ദേശ വകുപ്പ് തുടങ്ങിയ എല്ലാ വകുപ്പുകളും പൊതുജനങ്ങൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ